# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3252 25/06/2012 ൽ മറുപടിക്ക്

## സംസ്ഥാന സർക്കാർ ജീവനക്കാരുടെ അന്തർജില്ലാ സ്ഥലംമാറ്റം

**ചോദ്യം:**

ശ്രീ. സാജു പോൾ

(എ) സർക്കാർ ജീവനക്കാരുടെ അന്തർ വകുപ്പ്/അന്തർജില്ലാ സ്ഥലം മാറ്റങ്ങൾക്കുള്ള മാനദണ്ഡങ്ങളും നടപടി ക്രമങ്ങളും വിശദമാക്കുമോ ;

**ഉത്തരം:**

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) സർക്കാർ ജീവനക്കാരുടെ അന്തർജില്ല/ അന്തർ വകുപ്പ് സ്ഥലംമാറ്റങ്ങൾക്കുള്ള മാനദ ണ്ഡങ്ങൾ വിവിധ സർക്കാർ ഉത്തരവുകൾ മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു.

(i) സർക്കാർ ജീവനക്കാരുടെ അന്തർ ജില്ല/അന്തർ വകുപ്പ് സ്ഥലംമാറ്റത്തിന് അവർ ജോലി ചെയ്യുന്ന വകുപ്പിലും ജില്ലയിലും അഞ്ചു വർഷം പൂർത്തിയാ ക്കേണ്ടതാണ്.

(ii) ഇപ്രകാരം അന്തർജില്ല/അന്തർ വകുപ്പ് സ്ഥലം മാറ്റം വാങ്ങിവരുന്ന ജീവനക്കാ രൻ പുതിയ ജില്ല/വകുപ്പിൽ ഏറ്റവും ജൂനിയർ ആയിരിക്കും. എന്നാൽ ടിയാ ളുടെ പൂർവ്വ സർവ്വീസ് ഇൻക്രിമെന്റ്, ലീവ്, പെൻഷൻ, ഗ്രാറ്റുവിറ്റി എന്നിവയ്ക്ക് പരിഗണിക്കുന്നതായിരിക്കും.

(iii) ജില്ലാതല പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഹെഡ് ക്വാർട്ടറിൽ നിയമനം ലഭിച്ച ഉദ്യോഗാർത്ഥികൾക്കും, യുദ്ധ ത്തിൽ പരിക്കേറ്റ/മരണമടഞ്ഞ സൈനിക രുടെയും, സർവ്വീസിലിരിക്കെ രോഗം, അപകടം എന്നിവമൂലം സ്ഥിരമായി അംഗവൈകല്യം സംഭവിക്കുകയും, അക്കാരണത്താൽ പെൻഷൻ നല്കി ഡിസ് ചാർജ്ജ് ചെയ്യപ്പെട്ട വിമുക്തഭടൻ മാരുടെയും ആശ്രിതർക്കും അന്തർ ജില്ലാ സ്ഥലംമാറ്റങ്ങളിൽ അഞ്ച് വർഷ നിബന്ധ നയിൽ ഇളവ് നൽകാൻ വ്യവസ്ഥയുണ്ട്. ഇതിൽ ഹെഡ് ക്വാർട്ടർ നിയമനം ലഭിച്ച ഉദ്യോഗാർത്ഥിയുടെ സീനിയോറിറ്റി മാതൃ ജില്ലയിൽ തിരികെ പോകുമ്പോൾ നില നിർത്തുന്നതുമാണ്.

(iv) ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അന്തർ വകുപ്പ് സ്ഥലംമാറ്റത്തിന് അഞ്ചു വർഷത്തെ സേവനം നിർബന്ധമല്ല. ഇക്കാര്യം ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളുകളിലെ ചട്ടം 17(d) പ്രകാരമാണ് നിശ്ചയിക്കുന്നത്.

(v) അന്തർ വകുപ്പ്/അന്തർജില്ലാ സ്ഥലംമാറ്റങ്ങൾക്ക് രണ്ട് നിയമനാധികാരികളുടെയും സമ്മതം ആവശ്യമാണ്.

(vi) ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിലേക്ക് മറ്റു ജില്ലകളിൽ നിന്നും സ്ഥലംമാറ്റത്തിനും, ഈ മൂന്നു ജില്ലകളിലും പരസ്പരം അന്തർജില്ലാ സ്ഥലംമാറ്റത്തിനും അഞ്ച് വർഷ നിബന്ധനയിൽ ഇളവ് അനുവദിക്കുന്നുണ്ട്. പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലേക്ക് അന്തർ ജില്ല സ്ഥലംമാറ്റത്തിനും അഞ്ച് വർഷ നിബന്ധന ബാധകമല്ല.

(ബി) ഇത്തരം മാനദണ്ഡങ്ങൾക്കും നടപടിക്രമങ്ങൾക്കും വിരുദ്ധമായി ഏതെങ്കിലും വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ ?

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ